"**ഭരണഭാഷ - മാതൃഭാഷ**"

**നമ്പർഎൻ..2/22494/2013/ഡി.പി.ഐ.**

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം.**
**തീയതി 16.07.2013.**

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

**സർ,**

വിഷയം:- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി - 2013-14 - അഫീലിയേഷനുള്ള സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ, അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകൾ - എന്നിവയുടെ ലിസ്റ്റ് - സംബന്ധിച്ച്.

സൂചന:- 16/07/2013-ന് ഐ.ടി.@സ്കൂളിൽ നിന്നും ലഭിച്ച ടെലഫോൺ സന്ദേശം.

ഈ വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളെയും "സമ്പൂർണ്ണ" എന്ന സോഫ്റ്റ്‌വെയ്റിലൂടെയാണ് ഐ.ടി.@സ്കൂൾ ലിസ്റ്റ് ചെയ്തിരിക്കുന്നത്. പ്രസ്തുത ലിസ്റ്റ് തയ്യാറാക്കിയപ്പോൾ സർക്കാർ/എയ്ഡഡ് സ്കൂളുകൾ പൂർണ്ണമായും ഉൾപ്പെടുകയും, അഫിലിയേഷനുള്ള സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ, അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകൾ എന്നിവ ഒഴിവാക്കപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിവിധ സ്കോളർഷിപ്പുപദ്ധതികളുടെ നടത്തിപ്പിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വിഭാഗം സ്കൂളുകളെയും "സമ്പൂർണ്ണ"-യിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

മേല്പറഞ്ഞവയുടെ അടിസ്ഥാനത്തിൽ താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ അഫീലിയേഷനുള്ളതും, ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പിനു പരിഗണിക്കുന്നതുമായ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, അംഗീകാരമുള്ള 1 മുതൽ 10 വരെയുള്ള അൺ-എയ്ഡഡ് സ്കൂളുകൾ എന്നിവയുടെ ലിസ്റ്റ് മുൻവർഷം ഉപയോഗിച്ച സ്കൂൾ കോഡിനൊപ്പം തയ്യാറാക്കി അതാത് ജില്ലകളിലെ ഐ.ടി.@സ്കൂൾ മാസ്റ്റർ ട്രെയ്നർമാരെ 18/07/2013-ന് മുമ്പ് ഏല്പിക്കുവാൻ അറിയിക്കുന്നു.

(....2)

മേൽ സൂചിപ്പിച്ച പ്രവർത്തനത്തിന് വീഴ്ച വരുത്തുവാനോ, കാലതാമസം വരുത്തുവാനോ പാടുള്ളതല്ല എന്ന പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

// അംഗീകാരത്തോടെ //

സൂപ്രണ്ട് 16/7/13

എച്ച്.കെ.16/7/2013